milma

**Malabar Regional Co-operative Milk Producers' Union Ltd.**
Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No:MRU:P&I:16:CATINSU:2022/522 01.11.2022

**സർക്കുലർ നമ്പർ 893/2022**

**വിഷയം :- കന്നുകാലി ഇൻഷുറൻസ് പദ്ധതി തുടരുന്നത് സംബന്ധിച്ച്.**

മലബാർ മേഖലാ യൂണിയനിൽ പാൽ നൽകുന്ന അംഗസംഘങ്ങളിലെ ക്ഷീര കർഷകരുടെ കന്നുകാലികൾക്ക്, പരിരക്ഷ ലഭ്യമാക്കുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതി 01.11.2022 മുതൽ ഇന്ത്യാ ഗവൺമെന്റിന്റെ യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് തുടർന്നും നടപ്പിലാക്കുവാൻ 31/10/2022 നു ചേർന്ന ഭരണസമിതിയോഗം തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. മേഖലാ യൂണിയന്റെ അംഗസംഘങ്ങളിൽ പാൽ നൽകുന്ന കർഷകരിൽ സർക്കാർ ഇൻഷുറൻസ് പദ്ധതിയിൽ ചേരാത്തവർ, മേഖലാ യൂണിയൻ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ചേരാവുന്നതാണെന്ന് അറിയിക്കുന്നു.

പശുവിന്റെ/എരുമയുടെ മരണംമൂലമോ സ്ഥിരമായ അംഗവൈകല്യം നിമിത്തമോ (P.T.D) കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഒരു കർഷകന്റെ പരമാവധി 5 പശുക്കളെയാണ് ഇത്തരത്തിൽ ഇൻഷൂർ ചെയ്യാൻ സാധിക്കുക. പശുവിന്റെ/എരുമയുടെ പരമാവധി വില 70,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷത്തേക്ക് 4.3% നിരക്കിലുള്ള പ്രീമിയമാണ് ഈ പദ്ധതിക്ക് ഈടാക്കുക. കൂടാതെ കഴിഞ്ഞ വർഷം **ഒരു എരുമ/പശു ഇൻഷൂറൻസ് പ്രീമിയത്തിലേയ്ക്ക് മേഖലാ യൂണിയൻ നൽകിയിരുന്ന സബ്സിഡി തുക 200 രൂപ യിൽ നിന്നും 300 രൂപയായി** വർദ്ധിപ്പിക്കാൻ മേഖലാ യൂണിയൻ ഭരണസമിതി തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

**അപേക്ഷിക്കേണ്ട വിധം**

താൽപര്യമുള്ള കർഷകർ ക്ഷീരസംഘം സെക്രട്ടറിയുമായി ബന്ധപ്പെടേണ്ടതാണ്. കന്നുകാലി ഇൻഷുറൻസിന് വ്യക്തിഗത അപേക്ഷാഫോറം ഉണ്ടായിരിക്കുന്നതാണ്. ആയത് കോഴിക്കോട് എയിംസ് ഇൻഷുറൻസ് ഓഫീസിലേക്ക് അയയ്ക്കാവുന്നതുമാണ്. സംഘങ്ങൾ പരമാവധി കർഷകരെ ഈ ഇൻഷൂറൻസ് സ്കീമിനെ പറ്റി അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

മേൽപ്പറഞ്ഞ കന്നുകാലി ഇൻഷൂറൻസിന്റെ മലബാർ മിൽമയുടെ അംഗീകൃത ബ്രോക്കർ M/s. Aims Insurance Broking Pvt.Ltd. ആണ്. ആയതിനാൽ കന്നുകാലി ഇൻഷൂറൻസുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകൾക്കും എയിംസിന്റെ താഴെപ്പറയുന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

എയിംസ് ഇൻഷുറൻസ് ഓഫീസിന്റെ വിലാസം

M/s.Aims Insurance Broking Pvt.Ltd.,
1st Floor, Sunlight Tower (King fort),
Kallai Road, Opp. Kottakkal Aryavaidyasala building,
Calicut – 673002,
Ph: 0495 2703700,
Contact Mob. 9745516100, 8592963300, 9562133700.
Email: aimsclt@aimsinsurance.in

**പ്രത്യേക അറിയിപ്പ്**

കന്നുകാലി ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാത്ത കർഷകരുടെ പശുക്കളുടെ മരണസംബന്ധമായ ധനസഹായ അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ലെന്ന് അറിയിക്കുന്നു. കൂടാതെ കന്നുകാലി ഇൻഷുറൻസിന് വേണ്ടി വരുന്ന പ്രീമിയം തുകയിൽ യൂണിയൻ സബ്സിഡിക്കു പുറമെ ഒരു നിശ്ചിത തുക സംഘം വിഹിതമായി അനുവദിക്കുന്നത് അഭികാമ്യമായിരിക്കും.

മാനേജിംഗ് ഡയറക്ടർ

M. R. C. M. P. U. LTD.
DESPATCHED
Date: 7/11/22

എല്ലാ അംഗസംഘങ്ങൾക്കും

പകർപ്പ് : എല്ലാ ഡിസ്ട്രിക്റ്റ് / പി & ഐ യൂണിറ്റ് മേധാവികൾക്കും
പ്രിൻസിപ്പാൾ, എച്ച്.ആർ.ഡി.സി, നടുവട്ടം, പിഎസ്ടു എംഡി